# അമേരിക്കയിൽ കാൻസർ മരുന്നുകൾക്ക് ക്ഷാമം; ഇന്ത്യയിൽ നിന്ന് ഇറക്കുമതി ചെയ്യും

മെഡിക്കോസ് ക്ലബ്

അമേരിക്കയിൽ കാൻസർ രോഗികളുടെ ചികിത്സയ്ക്ക് അടിയന്തരമായി ഉപയോഗിക്കുന്ന ചില മരുന്നുകൽക്ക് ക്ഷാമം നേരിടായൻ തുടങ്ങിയിട്ട് മാസങ്ങളായി. എന്നാൽ ഉത്പാദനം വർദ്ധിപ്പിക്കാൻ ശ്രമിച്ചിട്ടും കഴിയാത്ത സാഹചര്യത്തിലാണ് അമേരിക്കൻ ഗവൺമെന്റിന്റെ എഫ്.ഡി.എ വകുപ്പ് (ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ) ഇന്ത്യയിൽ നിന്നും ജർമനിയിൽ നിന്നും മരുന്ന് ഇറക്കുമതി ചെയ്യാൻ ധാരണയായത്.

സ്തനാർബുദം (ബ്രെസ്റ്റ് കാൻസർ), അണ്ഡാശയാർബുദം (ഓവേറിയൻ കാൻസർ), മൾട്ടിപ്പിൾ മയിലോമാ എന്നീ കാൻസർ രോഗങ്ങൾക്ക് ഉപയോഗിക്കുന്ന ഡോക്സോറൂബിസിൻ (Doxorubicin) എന്ന മരുന്നിന്റെ ക്ഷാമം പരിഹരിക്കാൻ ഇന്ത്യയിലെ സൺ ഫാർമസ്യൂട്ടിക്കൽസുമായി ധാരണയായത്. ഇൻജക്ഷനിലൂടെ നൽകുന്ന ഈ മരുന്നിന് 500 മില്യൻ ഡോളറിന്റെ വാർഷിക വിൽപ്പനയാണ് ആഗോളതലത്തിലുള്ളത്. കുട്ടികൾക്ക് ഉാകുന്ന ലുക്കീമിയ എന്ന കാൻസർ രോഗത്തിനും മറ്റ് പല രോഗങ്ങൾക്കും ഉപയോഗിക്കുന്ന മെത്തോട്രോക്സേറ്റ് (Methotrexote) എന്ന മരുന്നിന്റെ ക്ഷാമം പരിഹരിക്കാൻ ജർമനിയിലെ എ.പി.പി ഫാർമസ്യൂട്ടിക്കൽസിൽ നിന്നും ഇറക്കുമതി ചെയ്യാനും ധാരണായായി.

2011 ഒക്ടോബറിൽ പ്രസിഡന്റ് ഒബാമ കാൻസർ മരുന്നുകളുടെ ക്ഷാമം പരിഹരിക്കാൻ ഒരു എക്സിക്യൂട്ടീവ് ഓർഡർ നൽകിയിരുന്നു. 220–ൽപ്പരം കാൻസർ മരുന്നുകൾക്കാണ് അന്ന് ക്ഷാമം നേരിട്ടത്. ഒബാമയുടെ നിർദേശത്തോടെ 114 മരുന്നുകളുടെ ക്ഷാമം പരിഹരിക്കാനായി. 2006–ൽ 56 മരുന്നുകൾക്ക് ക്ഷാമം നേരിട്ടിരുന്നു. എന്നാൽ 2011–ൽ അത് 220 ആയി വർധിച്ചു. കാൻസർ രോഗികളുടെ എണ്ണത്തിലുള്ള വർദ്ധനയും, യൂറോപ്പ്– ജർമ്മനി കേന്ദ്രമായി പ്രവർത്തിക്കുന്ന ചില ഫാർമ കമ്പനികളുടെ സാമ്പത്തിക പ്രതിസന്ധിയുമാണ് മരുന്നുകൾക്ക് ഇത്രയധികം ക്ഷാമം നേരിടാൻ കാരണമായത്.